(സി) പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിനും മികവുറ്റതാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പദ്ധതികളോടൊപ്പം ഫോക്കസ് 2015 എന്ന പേരിൽ എസ്.എസ്.എ.യുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക പരിപാടിയും നടപ്പിലാക്കുന്നുണ്ട്.

എൽ.പി., യു.പി. സ്കൂൾ ഘടനയിൽ മാറ്റം

45 (1063) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം എൽ.പി., യു.പി. സ്കൂൾ ഘടനയിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും എന്തെങ്കിലും വിധി വന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) അഞ്ചാം ക്ലാസ് എൽ.പി. സ്കൂളിന്റെയും എട്ടാംക്ലാസ് യു.പി. സ്കൂളിന്റെയും ഭാഗമാക്കി പ്രവർത്തിപ്പിക്കാൻ നിർദ്ദേശമുണ്ടെന്ന പത്രവാർത്തയെത്തുടർന്ന് ചില സ്കൂൾ അധികൃതർ കുട്ടികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഹൈക്കോടതി വിധി നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly